# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ടി.എസ്.ആർ പി 10 /843/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ടി.എസ്.ആർ പി 10 /843/21 തീയ്യതി: 02/07/2021

## തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഷാജു തോമസ്,ഓഡിറ്റ് ഓഫീസർ
വിദ്യ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ
സുനിത ആർ, സീ.ഗ്രേ.ഓഡിറ്റർ
ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീല മനോഹരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം വിജയലക്ഷ്മി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| സിന്ധു എം | അസി എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| മനോജ് എ എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ സുമി ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2019 | 09-02-2020 |
| ഡോ.രഘു | വെറ്ററിനറി സർജൻ | 10-02-2020 | 31-03-2020 |
| ഡോ ഷീല വാസു | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ബിന്ദു കെ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 31-03-2020 |
| ബിന്ദു കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2019 | 31-03-2020 |
| ബിജിമോൾ സി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 30-04-2019 |
| ശാന്ത കെ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-05-2019 | 10-11-2019 |
| ഒഴിവ് | ഐ സി ഡി എസ് സൂപ്പർവൈസർ | 11-11-2019 | 10-12-2019 |
| ജിനു ലാസർ വി എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 11-12-2019 | 31-03-2020 |
| റാണി ടി ജി | കൃഷി ഓഫീസർ | 01-04-2019 | 01-10-2019 |
| മിനി മേനോൻ | കൃഷി ഓഫീസർ | 02-10-2019 | 06-11-2019 |
| രവീന്ദ്രൻ ഇ എൻ | കൃഷി ഓഫീസർ | 07-11-2019 | 31-03-2020 |
| സിജോ ജോൺ | ഡയറിഫാം എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shobby.V.P (Audit Officer, On 27-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Dhanya.A (Auditor, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 02-07-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Shaju Thomas (Audit Officer, On 27-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaju Thomas (Audit Officer, On 27-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 02-07-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Dhanya.A (Auditor, On 27-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-7 |
| 8 | ക്ഷേമപെൻഷനുകൾ<br>Written By: Shaju Thomas (Audit Officer, On 27-06-2021)<br>Last Updated By: Shaju Thomas (Audit Officer, On 27-06-2021) | 1-8 |
| 9 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaju Thomas (Audit Officer, On 29-06-2021)<br>Last Updated By: Shaju Thomas (Audit Officer, On 29-06-2021) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 26-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 26-06-2021) | 1-10 |
| 11 | വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 26-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 26-06-2021) | 1-11 |
| 12 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-12 |
| 13 | വസ്തുനികുതി അഡ്വാൻസ് ക്രമീകരിക്കൽ -അംഗീകരിക്കാനാകുന്ന വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-12-1 |
| 14 | വസ്തുനികുതി (നോൺ റെസിഡൻഷ്യൽ)<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-12-2 |
| 15 | ലൈബ്രറി സെസ്സ്<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-12-3 |
| 16 | വാടക,തൊഴിൽ നികുതി-ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-13 |
| 17 | ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല | 1-14 |

| | | |
|---|---|---|
| | Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | |
| 18 | ജേണൽ വൗച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-15 |
| 19 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-16 |
| 20 | Secured Loan (ഹഡ്കോ )എന്ന ബാധ്യത ശീർഷകത്തിൽ സംസ്ഥാനവിഹിതമായി ലഭിച്ച തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 27-06-2021) | 1-17 |
| 21 | തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 02-07-2021) | 1-18 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 28-06-2021) | 1-19 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 28-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 28-06-2021) | 1-20 |
| 24 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.<br>Written By: Dhanya.A (Auditor, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 29-06-2021) | 1-21 |
| 25 | വിനോദനികുതി ഈടാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല<br>Written By: Dhanya.A (Auditor, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-22 |
| 26 | വാടക കുടിശിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 28-06-2021)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 29-06-2021) | 1-23 |
| 27 | വിമുക്ത ഭടന്റേതല്ലാത്ത വീടിന് വസ്തു നികുതിയിൽ ഇളവു നൽകി. ഇളവ് ചെയ്ത തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 29-06-2021)<br>Last Updated By: Dhanya.A (Auditor, On 29-06-2021) | 1-24 |
| 28 | ഹരിത കേരളം - ക്യാമറ സ്ഥാപിക്കൽ പദ്ധതി നടപ്പിലായില്ല<br>Written By: Shaju Thomas (Audit Officer, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-25 |
| 29 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-26 |
| 30 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-27 |
| 31 | നെന്മണിക്കര പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 28-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-28 |
| 32 | വനിത വ്യക്തിഗത തൊഴിൽ സംരംഭം (എസ് സി) വിശദാംശങ്ങളില്ല .2,00,000 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.<br>Written By: Shaju Thomas (Audit Officer, On 28-06-2021)<br>Last Updated By: Shaju Thomas (Audit Officer, On 30-06-2021) | 1-29 |
| 33 | അംഗൻവാടി പോഷകാഹാര പരിപാടി -അധികം നൽകിയ തുക തിരികെ ഈടാക്കണം<br>Written By: Vidya Vikraman (Asst. Audit Officer, On 28-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 29-06-2021) | 1-30 |
| 34 | കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-06-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Dhanya.A (Auditor, On 28-06-2021) | |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 26-06-2021)<br>Last Updated By: Dhanya.A (Auditor, On 28-06-2021) | 1-32 |
| 36 | അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 28-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 29-06-2021) | 1-33 |
| 37 | വ്യക്തിഗത തൊഴിൽ സംരംഭം (വനിത )<br>Written By: Sunitha.R (Senior Grade Auditor, On 28-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 29-06-2021) | 1-34 |
| 38 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.<br>Written By: Shaju Thomas (Audit Officer, On 29-06-2021)<br>Last Updated By: Shobby.V.P (Audit Officer, On 29-06-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 29-06-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 26-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 25-06-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Shaju Thomas (Audit Officer, On 29-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 25-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 26-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 26-06-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 26-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Dhanya.A (Auditor, On 29-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 25-06-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 29-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

പഞ്ചായത്ത് ജനറൽ കമ്മറ്റി 27/2/2019 തീയതിയിലെ 1/1 ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05-03-2020 തീയതിയിലെ 2/1 ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് 14,31,99,630 രൂപയും ചെലവ് 13,39,73,840 രൂപയുമാണ്

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.05.2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,93,08,798 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,63,28,037 |
| ആകെ | 6,56,36,835 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,57,96,083 |
| നീക്കിയിരിപ്പ് | 1,98,40,752 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,000 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 1,35,16,186 | 1,35,16,186 | 88,15,156 | 47,01,030 | |
| 2 | വികസനഫണ്ട് (എസ് സി പി) | ഇല്ല | 67,40,588 | 67,40,588 | 35,70,589 | 31,69,999 | |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 94,000 | 94,000 | 0 | 94,000 | |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 75,63,865 | 75,63,865 | 45,67,631 | 2,99,62,234 | |
| 5. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 88,71,000 | 88,71,000 | 33,28,053 | 55,42,947 | |
| 6. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 32,51,000 | 32,51,000 | 16,42,853 | 16,08,147 | |
| 7 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ സാക്ഷരത | 79,407 | 2,735 | 82,142 | 0 | 82,142 | |
| 8. | കേരളോത്സവം | 750 | 20,000 | 20,750 | 14,940 | 5,810 | |
| 9 | വിമുക്തി | 37,104 | 0 | 37,104 | 29,924 | 7,180 | |
| 10 | കേന്ദ്രാവിഷ്കൃത പദ്ധതികൾ സമ്പൂർണശുചിത്വം | 14,38,803 | 6,51,367 | 20,90,170 | 3,55,000 | 17,35,170 | |
| 11 | ഐ.സി.ഡി.എസ് | 13,81,988 | 2,90,856 | 16,72,844 | 3,06,848 | 13,65,996 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 204 | 6,64,82,940 | 120 | 3,02,92,169 | 78 | 6 | 58.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ (വാർഷിക കണക്ക് പ്രകാരം) | 22802 | 663632 | 686434 | 685513 | 921 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾവാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത വാർഷിക കണക്ക്ിൽ പരാമർശിച്ചിട്ടുണ്ട്.ഖണ്ഡിക 1-18 കാണുക |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-06-2021 തീയതിയിൽ 3:45 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8432/ - രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 60,840 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 17,98,800 | 324 |
| വിധവാ പെൻഷൻ | 69,17,800 | 1017 |
| വാർദ്ധക്യകാലപെൻഷൻ | 92,33,700 | 1554 |
| വികലാംഗപെൻഷൻ | 15,98,000 | 276 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,38,800 | 94 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 4 |

## 1-9 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2021 മുതൽ 18.01.2021 വരെ | 04/2020-12/2020 | 06-02-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.09.2010 മുതൽ 18.09.2010 വരെ | 2005-06 മുതൽ 2009-10 വരെ | 19.10.2010 |

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

## 1-11 വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 136പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ

യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം</u>

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2201503 | 2147341 | 33263 | 31644 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2201503 | 2139275 | 7380 | * 31687 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

<u>കുടിശ്ശിക</u>

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13663 | 13663 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3725*( | 13663 | 0 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

## <u>1-12-1 വസ്തുനികുതി അഡ്വാൻസ് ക്രമീകരിക്കൽ -അംഗീകരിക്കാനാകുന്ന വൌച്ചറുകളും,വർക്ക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല</u>

എ)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 11248 | 341291 |
| 2 | 350410101-Advance Collection Of Revenues - Property Tax On Non-Residential Building | 405 | 141965 |
| | ആകെ | 11653 | |

ബി)തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 11653രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു

സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 41900247 | 31.3.2020 | 11248 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 41900248 | 31.3.2020 | 405 |

## 1-12-2 വസ്തുനികുതി (നോൺ റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3209214 | 2928905 | 29694 | 255971 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3209214 | 2927562 | 3551 | * 256137 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 223675 | 43922 | 179755 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 224703 | 43922 | 179760 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ** (............/105X100)=..........,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12-3 ലൈബ്രറി സെസ്സ്

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 112128 | 689 | 112817 | 109206 | 689 | 109895 | | | 1627 | 0 | 1627 |
| | നോൺ-റെസിഡൻഷ്യൽ | 166479 | 11193 | 177672 | 147019 | 2198 | 149217 | | | 12973 | 8993 | 21966 |
| | ആകെ | | | 290489 | | | 259112 | | | 23593 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 290033 | | | 258725 | | | | 309329 | 23593 | | |
| | | 11438+278595=(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/Levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State Govt . Cess/Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 258725രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 259112രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കറവ്

ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 309329 രൂപയാണ്.(വൌച്ചർ41900241 തീ 31.03.20,41900244/31.03.20)പട്ടിക കാണുക.

## 1-13 വാടക,തൊഴിൽ നികുതി-ഡിമാന്റ് ഉത്ഭവിക്കുമ്പോൾ അക്രൂവൽ എൻട്രി രേഖപ്പെടുത്തുന്നില്ല.

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക1-12ൽ ചേർത്തിട്ടുണ്ട് )

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 173780<br>8658 | 21/11/19<br>31/3/20 | 41900075<br>41900231 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-15 ജേണൽ വൗച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 18444 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 29616 |
| 280100102-Prior Period Income-Peofession Tax-Institutions/Professionals/Traders | (29810) |
| 280200201-Prior Period Income-Licence Fees | (1000) |
| | |

| | |
|---|---|
| 280800601-Prior Period-Revenue Grants &Contribution | (127809) |
| 280800701-Prior Period- Misellaneous Expenses | (150293) |

## 1-17 Secured Loan (ഹഡ്കോ )എന്ന ബാധ്യത ശീർഷകത്തിൽ സംസ്ഥാനവിഹിതമായി ലഭിച്ച തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടിഹഡ്കോ വായ്പ ഇനത്തിൽ പഞ്ചായത്തിന് 2018-19,2019-20വർഷങ്ങളിലായി ആകെ 2860000/- രൂപ ലഭിച്ചിട്ടുണ്ട്. 2019-20ൽ 294118 രൂപ തിരിച്ചടച്ചിട്ടുണ്ട്.ബാക്കി 2565882 രൂപയാണ് തിരിച്ചടവാക്കാൻ ശേഷിക്കുന്നത്.എന്നാൽ വാർഷികണക്ക് B-5 Schedule Secured Loans എന്ന ശീർഷക പ്രകാരം തിരിച്ചടവാക്കാൻ ശേഷിക്കുന്നത് 3405877/-രൂപയാണ്. B-5 Schedule Secured Loans എന്ന ബാധ്യത ശീർഷകത്തിന്റെ ലഡ്ജർ അക്കൗണ്ട് പ്രകാരം സംസ്ഥാനവിഹിതമായി ലഭിച്ച 840000/- രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.സംസ്ഥാനവിഹിതമായി ലഭിച്ച ടി തുക തിരിച്ചടവാക്കേണ്ട ബാധ്യത തുകയല്ല.ആയതിനാൽ ബാധ്യത ശീർഷകത്തിൽ നിന്ന് ഉചിതമായ ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലോൺ രജിസ്റ്ററിലും നീക്കിയിരിപ്പിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-18 തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 7082599/- രൂപയും റവന്യൂ ചെലവും 7744583/- രൂപയുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 661984/-രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| | ICDP BRANCH ROAD CONCRETING | 130417 |
| | LALITHAKALA SAMITHY BRANCH ROAD CONCRETING | 287051 |
| | KUNNISSERI PANAYAM BYPASS ROAD CONCRETING | 37758 |
| | ERAVAKKAD KANJIRATHINGAL ROAD CONCRETING | 206758 |
| | | 661984 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 661984/-രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ-661984/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.ഇത് തിരുത്തേണ്ടതാണ്.

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-20 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 531954 /-രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6128382/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല

## 1-21 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതചുവടെ ചേർക്കുന്നു.
തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.
1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.എന്നാൽ പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല.
1) പോസ്റ്റ് ഓഫീസ്,ചിറ്റിശ്ശേരി
2)ഹോട്ടൽ ആര്യാസ്
3)വള്ളൂർ മോട്ടോഴ്സ്
4) പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ റേഷൻ കട -രണ്ട് അർദ്ധ വർഷത്തേയും ( സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.)

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു(എൻക്വയറി നം.6,തിയതി.25.06.2021) മറുപടി ലഭ്യമാക്കി.തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വിനോദനികുതി ഈടാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200ലെ ഉപവകുപ്പ് (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വിനോദ നികുതി ചുമത്താവുന്നതാണ്.2019-20 സാമ്പത്തിക വർഷത്തിൽ 141050 രൂപ വിനോദ നികുതിയിനത്തിൽ വരവുണ്ട്.ലഭ്യമാക്കിയ രജിസ്റ്റർ,ഫയൽ എന്നിവ

പരിശോധിച്ചതിൽ ചാന്ദ് വി ശ്രീരാമ മൂവീസിലെ സ്ക്രീൻ 1,സ്ക്രീൻ 2 എന്നിവയിലെ സിനിമ ടിക്കറ്റ് കളക്ഷനിൽ നിന്നും ഈടാക്കിയ വിനോദ നികതിയാണിത്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തീയതി 31.08.2019 പ്രകാരം വിനോദ നികുതി ഈടാക്കുന്നതിനുള്ള നിരക്ക് 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വുമായി നിശ്ചയിച്ചിട്ടുണ്ട്. ചാന്ദ് വി ശ്രീരാമ മൂവീസ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടിക്കറ്റ് നിരക്ക് സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല.

2)ഓരോ ദിവസവും വിറ്റ പ്ലാറ്റിനം, ഗോൾഡ്,സിൽവർ ടിക്കറ്റുകളുടെ എണ്ണം പ്രത്യേകം ചേർത്തിട്ടില്ല. ആകെ വിറ്റ ടിക്കറ്റുകളുടെ എണ്ണമാണ് ചേർത്തിട്ടുള്ളത്.

3) പ്ലാറ്റിനം,ഗോൾഡ്,സിൽവർ ടിക്കറ്റുകളിൽ യഥാക്രമം 11.46,4.76,3.98 എന്നീ നിരക്കിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.ഇത് മേൽ ചേർത്ത ഉത്തരവു പ്രകാരമല്ല.

ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ മേൽ പറഞ്ഞ അപാകതകൾ ഉള്ളതിനാൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.7,തീയതി.25.06.2021) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിക്കേണ്ടതും സർക്കാർ ഉത്തരവു പാലിച്ച് നികുതി ഈടാക്കി കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-23 വാടക കുടിശിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തൻവർഷ വാടക കുടിശ്ശിക തുക 17804 രൂപയും മുൻവർഷത്തേത് 17252 രൂപയുമാണ്. എന്നാൽ രജിസ്റ്ററിൽ തൻ വർഷ കുടിശ്ശിക മാത്രമാണ് ചേർത്തിട്ടുള്ളത്. മുൻ വർഷ കുടിശ്ശികയിൽ തൻ വർഷം കളക്ഷൻ ഇല്ല. രജിസ്റ്ററിൽ 17252 രൂപ ക്യരി ഓവർ ചെയ്യേണ്ടതാണ്. കടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സിലെ 8-ാം നമ്പർ മുറി(കെട്ടിട നം.3/543) റേഷൻ കട നടത്തുന്നതിന് സോണി റപ്പായി എന്നയാൾക്ക് വാടകയ്ക്ക നൽകിയിട്ടു ണ്ട്. ടി റേഷൻ കട ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. റേഷൻ കടയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വിമുക്ത ഭടന്റേതല്ലാത്ത വീടിന് വസ്തു നികുതിയിൽ ഇളവു നൽകി. ഇളവ് ചെയ്ത തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സ.ഉ (കൈ) 106/2017/ത.സ്വ.ഭ.വ,തിയതി.26.05.2017 പ്രകാരം എല്ലാ വിമുക്ത ഭടന്മാരുടേയും അവരുടെ ഭാര്യമാരുടേയും/വിധവകളുടേയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച. അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ ഒഴിവാക്കുകയും കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ വിസ്തീർണ്ണത്തിന് നികുതി ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ശ്രീ.മഞ്ഞളി വറീത് മകൻ തോമസ് എന്ന വിമുക്തഭടൻ തന്റെ 291 M2 വിസ്തീർമുള്ള 1/49 നമ്പർ ഭവനത്തിന് വസ്തു നികുതി ഇളവ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരം 2475 രൂപ(LC ഉൾപ്പടെ) വാർഷിക വസ്തുനികുതിയുള്ള ടി കെട്ടിടത്തിന് 1579 രൂപ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ ഉടമസ്ഥ ശ്രീമതി.ആശ തോമസ്,W/Oഅജു ജോൺ,ചെറുവത്തൂർ വീട് എന്നവരാണ്. 2019-20 വർഷത്തിൽ ടിയാരി നികുതി ഇളവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഇളവിന് അനർഹയായ ടിയാരിയിൽ നിന്നും മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.19/29.06.2021)

## 1-25 ഹരിത കേരളം - ക്യാമറ സ്ഥാപിക്കൽ പദ്ധതി നടപ്പിലായില്ല

ദേശീയപാതയിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് മുതൽ ബി ആർ ഡി യുടെ എതിർവശം വരെയുള്ള ഭാഗത്ത് മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് മാലിന്യം നിക്ഷേപിക്കുന്നവരേ കണ്ടെത്തി ,അവർക്കെതിരെ നടപടികൾ സ്വീകരിച്ച് കരുവന്നൂർപ്പുഴ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 ൽ ഹരിതകേരളം-ക്യാമറ സ്ഥാപിക്കൽ(പ്രോ.നം 151/20) എന്ന പദ്ധതി തയാറാക്കി. പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയ 5,00,000 രൂപ30-10-2019 ൽ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂരിൻെറ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചു.( ബിൽ നമ്പർ 19/19-20). തുക നിക്ഷേപിച്ചിട്ട് ഇത്ര നാളുകളായെങ്കിലും ക്യാമറകൾ സ്ഥാപിക്കാൻ ദേശീയപാതാ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നാളിതുവരെ നടപ്പിലാക്കാനായിട്ടില്ല.

ദേശീയപാതയോരത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ദേശീയപാതാ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ശ്രമിച്ചത് ഗ്രാമപഞ്ചായത്തിൻെറ വീഴ്ചയാണ്. പദ്ധതി നടപ്പിലാക്കേണ്ടതിൻെറ ആവശ്യകത ദേശീയപാതാ അതോറിറ്റിയെ ബോദ്ധ്യപ്പെടുത്തി പദ്ധതി നടപ്പിലാക്കേണ്ടതാണ്. അനുമതി ലഭിക്കുന്നില്ലായെങ്കിൽ കൈമാറിയ പണം തിരിച്ചീടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

## 1-26 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 24-6-'21 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-27 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 24-6-'21 )

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നതിനാൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി.ബി. 3 6512 / 13 സി.ഇ ത.സ്വ.ഭ.വ തി 1-4-16 പ്രകാരം ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കുകയും ,PRICE സോഫ്റ്റ് വെയറിൽ ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സൗകര്യം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ബിറ്റുമിൻ ഉൾപ്പെടുന്ന സ്പെസിഫിക്കേഷനുകൾക്ക് ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിനും അനുവദിച്ചിരുന്നു.

റോഡുപ്രവൃത്തികളുടെ സംഗതിയിൽ 10% നു പകരം 5% ഓവർഹെഡ് ചാർജ്ജസ് നൽകുന്നതിനു ഉചിതമായ നടപടികളുണ്ടാകുന്നതു വരെ 10% നു പകരം അനുവദനീയമായ 5% ഓവർഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 നെന്മണിക്കര പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 24-6-'21 )

2010 ലെ കേരള പഞ്ചായത്ത് രാജ് ( പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ ( ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്കു വിധേയമായി 2010 ൽ രൂപം കൊണ്ടിട്ടുള്ള നെന്മണിക്കര പ്രാഥമികാരോഗ്യ കേന്ദ്രം HMC വാർഷിക കണക്കുകൾ തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വനിത വ്യക്തിഗത തൊഴിൽ സംരംഭം (എസ് സി) വിശദാംശങ്ങളില്ല .2,00,000 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.

പ്രൊ.നം 102/20 വനിത വ്യക്തിഗത തൊഴിൽ സംരംഭം (എസ് സി)

നിർവ്വഹണോദ്യോഗസ്ഥൻ അസി. സെക്രട്ടറി

പഞ്ചായത്തിലെ ,എസ് സി വിഭാഗത്തിൽപ്പെട്ട 4 വനിതകൾക്ക് 2019-20 ൽ വിവിധ രീതിയിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മേൽപദ്ധതി പ്രകാരം വായ്പാധിഷ്ഠിത ബാക്കെൻറ് സബ്സിഡി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ അപാകതകളുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ധനസഹായം കൈപ്പറ്റിയ വ്യകതി /സംരംഭം. | അനുവദിച്ച സബ്സിഡി | തലോർ സർവ്വീസ് സഹകരണ ബാങ്കിന് സബ്സിഡി തുക കൈമാറിയ തിയതി |
|---|---|---|---|
| 1 | ശ്രീമതി വിനീത എൻ വി, ടെയിലറിംഗ് യൂണിറ്റ് | 50000 | ബിൽ നമ്പർ 29/19-20 തി.31/3/20 50,000 |
| 2 | ശ്രീമതി സിമി സതീഷ് .ടെയിലറിംഗ് &ഗാർമെൻറ് യൂണിറ്റ് | 50,000 | ബിൽ നമ്പർ 30/19-20 തി.31/3/20 50,000 |
| 3 | ശ്രീമതി ഉഷ .ടെയിലറിംഗ് &ഗാർമെൻറ് യൂണിറ്റ് | 50000 | ബിൽ നമ്പർ 31/19-20 തി.31/3/20 50,000 |
| 4 | ശ്രീമതി സുനിത പി റ്റി,ബ്യൂട്ടി പാർലർ | 50000 | ബിൽ നമ്പർ 32/19-20 തി.31/3/20 40294, വൗച്ചർ നമ്പർ 21901077/30/3/20 9706 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് വായ്പാധിഷ്ഠിത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗരേഖയ്ക്കനുസരിച്ച് സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി ,വായ്പയനുവദിച്ച ബാങ്കിന് കൈമാറി വായ്പാതിരിച്ചടവ് ക്രമീകരിക്കുകയെന്നതാണ് ഈ പദ്ധതികൾ പ്രകാരം ലക്ഷ്യമിട്ടിരുന്നത്.

പദ്ധതിക്കാവശ്യമായ മൂലധനം ബാങ്ക് വായ്പയായി സംഘടിപ്പിക്കേണ്ടതും,സമയ ബന്ധിതമായി പദ്ധതി ആരംഭിക്കേണ്ടതും ഓരോ വ്യക്തിയുടെയും ചുമതലയാണ്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിച്ചതിൻെറ വിശദാംശങ്ങൾ (ലോൺ നമ്പർ,വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ)ബാങ്ക് ലഭ്യമാക്കുന്നമുറയ്ക്ക് ,ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിൻെറ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിൻെറ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ സബ്സിഡി തുക ബാങ്കിന് കൈമാറുകയും , സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയെന്നതുമാണ് നിർവ്വഹണോഗസ്ഥൻെറ പ്രധാന കർത്തവ്യം.

ഈ പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ. ചുവടെ ചേർക്കുന്നു.

1. തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിച്ചു എന്ന് ഉറപ്പാക്കാതെ (ലോൺ നമ്പർ,വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ ബാങ്ക് ലഭ്യമാക്കുന്നതിന് മുമ്പ് )ഈ 4 പേരും ബാങ്ക് മെമ്പർമാരാണെന്നും,ഓരോരുത്തർക്കും 70,000 രൂപയുടെ ലോൺ അനുവദിക്കാൻ സമ്മതമാണെന്നുമുള്ള തലോർ ബാങ്കിൻെറ കത്തിൻെറ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന് കൈമാറി . . ലോൺ അനുവദിക്കുന്നതിന് മുമ്പ് സബ്സിഡി തുക ബാങ്കിന് കൈമാറിയതുമൂലം പൊതുപണം അനാവശ്യമായി ബാങ്കിൻെറ കൈവശമിരിക്കാനിടയായി.

2 ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിൻെറ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം , സബ്സിഡി തുക ഗുണഭോക്താവിൻെറ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയല്ല സബ്സിഡി തുക ബാങ്കിന് കൈമാറിയിരിക്കുന്നത്.

3. ഗുണഭോക്താവ് ഒന്നാം കക്ഷിയും,നിർവ്വഹണോഗസ്ഥൻ രണ്ടാം കക്ഷിയായും കരാർ ഒപ്പിട്ടില്ല.

4. തെരഞ്ഞെടുക്കപ്പെട്ട വ്യക്തി തൊഴിൽ സംരംഭം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്താതെയാണ് സബ്സിഡി തുക ബാങ്കിന് കൈമാറിയത്.

5. തൊഴിലില്ലാത്തവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെങ്കിലും കൊടകര ബ്ളോക്ക് മൈക്രോഎൻറർപ്രൈസ് കൺസൾട്ടൻറിൻെറ പ്രോജക്ട് റിപ്പോർട്ടറായി പ്രവർത്തിക്കുന്ന ശ്രീമതി വിനീത എൻ വിക്ക്,ടെയിലറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്.ശ്രീമതി വിനീത എൻ വി, ആണ് 4 പേർക്കും പ്രോജക്ട് റാപ്പോർട്ട് തയാറാക്കി നൽകിയിരിക്കുന്നത്. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

6. നിർവ്വഹണോദ്യോഗസ്ഥൻ സ്ഥാനമൊഴിയുമ്പോൾ,സംരംഭകരെ സംബന്ധിച്ച വിവരങ്ങൾ ,അനുവദിച്ച സബ്സിഡി തുക, ലോൺ തുക, തിരിച്ചടവ് കാലയളവ്, തുടങ്ങിയ വിവരങ്ങൾ പുതിയ നിർവ്വഹണോദ്യോഗസ്ഥന് കൈമാറേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

വായ്പ ക്രമീകരിക്കുന്നതിനായി തലോർ സഹകരണ ബാങ്കിന് കൈമാറിയ 2,00,000 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. തൊഴിൽ സംരംഭം പുനരാരംഭിച്ച് ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. സംരംഭം പുനരാരംഭിക്കുന്നില്ലായെങ്കിൽ സബ്സിഡിയായി ബാങ്കിന് കൈമാറിയ 2,00,000 രൂപ തിരികെയീടാക്കി സർക്കാറിലേക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 അംഗൻവാടി പോഷകാഹാര പരിപാടി -അധികം നൽകിയ തുക തിരികെ ഈടാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് -അംഗൻവാടി പോഷകാഹാര പരിപാടി(120/19-20)

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ 20അംഗൻവാടികൾക്ക് വിതരണം നടത്തുന്നതിനായി ഫൈവ് സ്റ്റാർ അമൃതം ഫുഡ്സ്സപ്ലിമെന്റ് യൂണിറ്റിൽ നിന്ന് 8/19,9/19 മാസങ്ങളിൽ 92974/- രൂപയുടെ അമൃതം ഫുഡ്സ്സപ്ലിമെന്റ് വാങ്ങിയിരുന്നു.ഇൻവോയിസ് നമ്പർ ചുവടെ ചേർക്കുന്നു.ബിൽ നമ്പർ 2/29.10.2019 തുക -157878/- പ്രകാരം 94974/- രൂപ നൽകിയിട്ടുണ്ട്.അധികം നൽകിയ 2000/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -11/28.06.2021)

| ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|
| 68/30.9.2019 | 17022 |
| 27/30.9.2019 | 27937 |
| 23/30.8.2019 | 29725 |
| 60/31.8.2019 | 18290 |
| ആകെ | 92974 |

## 1-31 കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം – മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി,നെന്മണിക്കര
പദ്ധതി -ക്യാൻ ,തൃശ്ശൂർ (207/20)
ബിൽ നമ്പർ – 15/19-20,50000 /- (വികസന ഫണ്ട്),30000/- (തനത് ഫണ്ട്)

ക്യാൻ ,തൃശ്ശൂർ എന്ന ക്യാൻസർ നിർമ്മാർജ്ജന പദ്ധതിയ്ക്കായി 80000/- രൂപ തൃശ്ശൂർ ജില്ല പഞ്ചായത്തിന്റെ 476/19 എന്ന പദ്ധതിയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്.ടി തുകയുടെ കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവഹണോദ്യഗസ്ഥൻ -വെറ്ററിനറി സർജൻ
പ്രോജക്ട് നം.-S0127/20

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ കന്നുകുട്ടി പരിപാലന പദ്ധതിയിൽ 25 ഗുണഭോക്താക്കൾക്കായി ബിൽ നം-P-1/19-20/ 3.01.2020 പ്രകാരം, 1,56,250/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.
കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതിയിൽ നിന്നും അഞ്ചലി ദേവസ്സി,പ്രകാശൻ കൈമപറമ്പിൽ എന്നീ ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാക്കാതെ പദ്ധതിയിൽ നിന്നും വിട്ട് പോയതായി കാണുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവർക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം എസ് .എൽ. ബി .പി .യിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-33 അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.

23.1.2020 ലെ സർക്കുലർ നം.7/2020/ ധന പ്രകാരം സർക്കാർ ജീവനക്കാർ /സർവ്വീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.ഇതിൻപ്രകാരം പഞ്ചായത്തിൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടവാക്കുന്നതിന് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ട്.

തങ്ക.കെ.കെ,കളത്തിൽ (വാർദ്ധക്യകാല പെൻഷൻ )

മാർഗിലി,കരുതുകളങ്ങര(വിധവ പെൻഷൻ)

ലക്ഷമിക്കുട്ടി,വലിയ പറമ്പിൽ (“ )

രമണി കെ.എസ്,കൈമപറമ്പിൽ (“ )

ലത എ സി ,ആനപറമ്പിൽ (“ )

ലതിക ,പനിയത്ത് (“ )

ബീന ടി വി ,തൊട്ടിപറമ്പിൽ (“ )

കമലം ബാബു ,കൊറ്റയിൽ (“ )

മേൽ ഗുണഭോക്താക്കളിൽ ലത എ സി ,ആനപറമ്പിൽ ,ബീന ടി വി ,തൊട്ടിപറമ്പിൽ എന്നിവർ തുക തിരിച്ചടവാക്കാമെന്നറിയിക്കുകയും അവർക്ക് ഗഡുക്കളായി തുക അടവാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (15.6.21) അനുമതി നല്കി തീരുമാനമെടുത്തിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/28.6.2021) മറുപടി നൽകിയിട്ടുണ്ട്

സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ചടവാക്കുന്നതമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 വ്യക്തിഗത തൊഴിൽ സംരംഭം (വനിത )

പ്രൊ.നം 83/20 വ്യക്തിഗത തൊഴിൽ സംരംഭം (വനിത ) പദ്ധതി പ്രകാരം പഞ്ചായത്തിലെ 6 വനിതകൾക്ക് 2019-20 ൽ വിവിധ രീതിയിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാധിഷ്ഠിത ബാക്കെന്റ് സബ്സിഡി നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ധനസഹായം കൈപ്പറ്റിയ | അനുവദിച്ച സബ്സിഡി | സബ്സിഡി തുക | ബാങ്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വ്യക്തി /സംരംഭം. | | കൈമാറിയ തിയതി | |
| 1 | സ്നേഹ രാഗാഷ്, ഗാർമെന്റ് യൂണിറ്റ് | 50000 | ബിൽ നമ്പർ 11/19-20 തി.23.11.2019 | തലോർ മൾട്ടി പർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി |
| 2 | ജിനി ജോഷി റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് | 50000 | ബിൽ നമ്പർ 18/19-20 തി.17.12.2019 | തലോർ സർവ്വീസ് സഹകരണ ബാങ്ക് |
| 3 | പ്രേമ ശേഖരൻ .റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് | 50000 | ബിൽ നമ്പർ 18/19-20 തി.17.12.2019 | തലോർ സർവ്വീസ് സഹകരണ ബാങ്ക് |
| 4 | രാജേശ്വരി സുഭാഷ് ടെയിലറിംഗ് & ഗാർമെൻസ് | 50000 | ബിൽ നമ്പർ 28/19-20 തി.2.03.2020 | " |
| 5 | ഇന്ദിര രവി ടെയിലറിംഗ് & ഗാർമെൻസ് | 50000 | ബിൽ നമ്പർ 31/19-20 തി.19.3.2020 | " |
| 6 | സിന്ധു സത്യൻ ടെയിലറിംഗ് & ഗാർമെൻസ് | 50000 | ബിൽ നമ്പർ 32/19-20 തി.26.3.2020 | " |

മേൽ ഗുണഭോക്താകൾക്ക് ലോൺ അനുവദിക്കാൻ സമ്മതമാണെന്നുമുള്ള ബാങ്കിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന് കൈമാറി .തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിക്കുന്നതിന് മുമ്പ് സബ്സിഡി തുക ബാങ്കിന് കൈമാറിയിട്ടുണ്ട്. ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം , സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയല്ല സബ്സിഡി തുക ബാങ്കിന് കൈമാറിയിട്ടുള്ളത്.

പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ,വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ,ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ സബ്സിഡി തുക ബാങ്കിന് കൈമാറേണ്ടതും , സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 13/28.06.2021)

## 1-35 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ നാളിതു വരെ ഇതാനായി അക്കൗണ്ട് ആരംഭിക്കുകയോ,ദുരിതാശ്വാസനിധി രൂപീകരിക്കുകയോ ചെയ്തിട്ടില്ല.ദുരിതാശ്വാസനിധി രൂപീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | (OB) | 156042 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 56042 | 100000 |
| | | 110500 | നെൽകൃഷിക്ക് വിത്ത്, വളം, കമ്മായം സബ്സിഡി | 110500 | - |
| | | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | . |
| | 2019-20 | 90000 | ക്ഷീരകർഷകർക്ക് സബ്സിഡി | 90000 | . |
| ആകെ (ബ്ലോക്ക് പഞ്ചായത്ത്) | | 556542 | | 456542 | 100000 |
| ജില്ലാ പഞ്ചായത്ത് | (OB) | 280508 | മണലിപുഴ സംരക്ഷണം | 50800 | 229708 |
| | | 24908 | ക്ഷീരകർഷകർക്ക് സബ്സിഡി-റീഫണ്ട് | 24908 | . |
| | 2019-20 | 200000 | സ്കോളർഷിപ്പ് | 200000 | . |
| ആകെ (ജില്ലാ പഞ്ചായത്ത്) | | 505416 | | 275708 | 229708 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കടിവെള്ള വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21800653/ 5.10.2019 | 75000 | . | 75000 |
| " | " | 21901132/ 21.12.2019 | 29000 | . | 29000 |
| പി ഡബ്ല്യു ഡി | ഹരിത കേരളം | 21900627/ 30.10.2019 | 500000 | | 500000 |
| കെ.എസ്.ഇ.ബി | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900665/ 27.07.2019 | 27291 | | 27291 |
| | | 21900644/ 14.10.2019 | 78120 | | 78120 |
| | | 21900635/ 24.10.2019 | 81448 | | 81448 |
| | | 21900810/ 22.11.2019 | 45777 | | 45777 |
| | | 21901212/ 13.03.2020 | 16028 | | 16028 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21900645/ 14.10.2019 | 4290 | - | 4290 |
| " | " | 21901184/ 13.02.2020 | 18088 | - | 18088 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്ഭവനപദ്ധതി | 6105/19/ ധന01/8/19 10050/19/ ധന21/12/19 | 2860000 | 1930609 | 294118 | 0 | 2565882(ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ തിരിച്ചടവാക്കാൻ ശേഷിക്കുന്ന തുക 3405877/-ടി വ്യത്യാസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വാർഷികകണക്കിൽ അപാകതയായി ചേർത്തിട്ടുണ്ട്) |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3.3 | 1500 | ഉണ്ണിമോൻ,ദിവസവേതനം | 41900027/1.7.2019<br>41900046/5.9.2019<br>41900048/5.9.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.2.10.1 | ലഭ്യമല്ല | - | തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളുടേയും വ്യക്തികളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.6 | ലഭ്യമല്ല | - | കൃഷിക്കാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.7 | ലഭ്യമല്ല | - | കരാറുകാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.8 | ലഭ്യമല്ല | - | വാഹന ഉടമകൾക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.9 | ലഭ്യമല്ല | - | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.2 | ലഭ്യമല്ല | - | അസ്സസ്സ്മെൻറ് ബുക്കുകൾ സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.4 | ലഭ്യമല്ല | - | പിരിച്ച തുകകൾ ഡിമാൻറ് ആയി രേഖപ്പെടുത്തുന്നത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.5 | ലഭ്യമല്ല | - | ഡി.സി.ബി പത്രിക സമയത്തിന് തയ്യാറാക്കാത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.15.1 | ലഭ്യമല്ല | - | ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2004-05 | 3-7 | 2009-10 | 2.8(11) | 1. അമ്പലക്കടവ് എസ്.സി കോളനി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ കെ.എസ്.ഇ.ബി യിൽ അടച്ചത്.<br>2. സ്ട്രീറ്റ് ലൈറ്റ് വിപുലീകരണം വൈദ്യുതി ബോർഡിൽ തുക | 1. കെ.എസ്.ഇ.ബി യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>2.<br>കെ.എസ്.ഇ.ബി യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | അടച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | |
| 2004-05 | 3-7 | 2009-10 | 2.10(11) | പാഴായി, മടവാക്കര, നെന്മണിക്കര ലിഫ്റ്റ് ഇരിഗേഷൻ പദ്ധതികൾക്ക് മെറ്റീരിയൽസ് വാങ്ങിയതിൻറെ വില തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സൊസൈറ്റിക്ക് നൽകിയത് രേഖകൾ ഹാജരാക്കിയിട്ടില്ല. | ചെലവായ 519414 രൂപയുടെ രസീതി തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. |
| 2014-15 (2015-16 ലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 2-5(ബി) | 2015-16 | 3-7-7 | പൂലക്കാട്ടുകര എസ്.സി സാംസ്കാരിക നിലയത്തിൻറെ പണി പൂർത്തിയായെങ്കിലും പ്രവർത്തിക്കുന്നില്ല. | 7/8/2019 ലെ ബഹു. നിയമസഭാസമിതിയുടെ സിറ്റിംഗിൽ തെളിവെടുപ്പിന് ഹാജരായിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,63,28,037 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,57,96,083 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 2,000 | ശ്രീമതി ശാന്ത കെ കെ,ICDS സൂപ്പർവൈസർ |
| ആകെ | ₹2,000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 2,00,000 | ശ്രീ. മനോജ് എ എസ്,അസി.സെക്രട്ടറി |
| ആകെ | ₹2,00,000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശാന്ത കെ കെ,ICDS സൂപ്പർവൈസർ | റിട്ടയേഡ് | തേറമ്പുള്ളി വീട്,വി ആർ പുരം,ചാലക്കുടി |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984- | എൽ.എഫ് നം.പി6-2121/13 തിയതി 05/08/2014 | 1 | തീർപ്പാക്കുന്നതിന് മറുപടി |

| | | | |
|---|---|---|---|
| 85 | ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കിയ വിവരങ്ങൾ | | തയ്യാറാക്കി വരുന്നു. |
| 1988-89, 89-90 | " | 1 | " |
| 1991-92 | " | 3 | " |
| 1992-93, 93-94 | " | 4 | " |
| 1996-97 | " | 1 | " |
| 1997-98 | " | 1 | " |
| 1998-99 | " | 4 | " |
| 1999-2000 | " | 2 | " |
| 2000-2001 | " | 1 | " |
| 2001-2002 | " | 5 | " |
| 2001-2002 (NP) | " | 1 | " |
| 2002-03 | " | 5 | " |
| 2003-04 | " | 8 | " |
| 2004-05 | " | 5 | " |
| 2005-06 | " | 3 | " |
| 2006-07 | | 9 | " |
| 2007-08 | | 6 | ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുന്നതിന് മറുപടി തയ്യാറാക്കിയിട്ടുണ്ട്. |
| 2008-09 | | 4 | " |
| 2009-10 | | 2 | " |
| 2010-11 | | 9 | " |
| 2011-12 | | 14 | " |
| 2012-13 | എൽ.എഫ്.ടി 6-316/15 തീ. 06-04-2015 | 10 | " |
| 2013-14 | കെ.എസ്.ടി.എസ്.ആർ (പി6) 187/15 തീ. 22/2/2016 | 14 | " |
| 2014-15 | കെ.എസ്.ടി.എസ്.ആർ (പി6) 941/16 തീ. 26-05-2017 | 12 | " |
| 2015-16 | കെ.എസ്.ടി.എസ്.ആർ (പി6) 1908/16 തീ. 03-04-18 | 5 | " |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1521/2017 തീ. 19/12/2018 | 14 | " |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 446/19, തീ.12.06.19 | 18 | " |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി9)1728/2019 തീയതി:12/03/2020 | 10 | . |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്